"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ എൽഡി ടൈപ്പിസ്റ്റായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. ആര്യാചന്ദ്രൻ.എസ്-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.217/2026/LBR തീയതി,തിരുവനന്തപുരം, 17-02-2026

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ പരിപത്രം.
2. 28.11.2013 ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.
3. 28.01.2023ലെ സ.ഉ.(സാധാ നം.94/2023/തൊഴിൽ.
4. 03.02.2024-ലെ സ.ഉ.(സാധാ നം. 132/2024/തൊഴിൽ.
5. 05.03.2025-ലെ സ.ഉ.(സാധാ നം. 293/2025/തൊഴിൽ.
6. 17.11.2025-ൽ ശ്രീമതി.ആര്യാചന്ദ്രൻ.എസ് സമർപ്പിച്ച അപേക്ഷ.
7. 19.12.2025-ലെ കോഴിക്കോട് യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ കാര്യാലയത്തിൽ നിന്നുള്ള 19.12.2025-ലെ 34196 /AD-E-ASST-3/2023/CU നമ്പർ കത്ത്.
8. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08.01.2026-ലെ ഇ1/200/2023/KSUWSSB നമ്പർ കത്ത്.

**ഉത്തരവ്**

കാലിക്കറ്റ് സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. ആര്യാചന്ദ്രൻ.എസ്-ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ എൽഡി ടൈപ്പിസ്റ്റായി നിയമനം നൽകുകയും പരാമർശം(4),(5) പ്രകാരം അന്യത്ര സേവന കാലാവധി ഒരോ വർഷത്തേക്ക്കൂടി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. 30.05.2025 പ്രാബല്യത്തിൽ മാതൃവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I-ലേയ്ക്ക് സ്ഥാനകയറ്റം ലഭിച്ചിട്ടുള്ള ശ്രീമതി.ആര്യാചന്ദ്രൻ.എസ്, ബോർഡിലെ സേവന കാലാവധി 15.02.2026-ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന സാഹചര്യത്തിൽ അന്യത്രസേവന കാലയളവ് 16.02.2026 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ, മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (8) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും നിലവിൽ ബോർഡിന്റെ തനത് സോഫ്റ്റ് വെയർ, ഇ-ഓഫീസ്, G-Spark, AIIS സോഫ്റ്റ്‌വെയർ എന്നിവ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തു വരുന്ന ജീവനക്കാരി ബോർഡിന്റെ ഔദ്യോഗിക ചുമതലകളിൽ നിന്ന് 12.01.2026 തീയതിയിൽ വിടുതൽ ചെയ്യുന്ന സാഹചര്യത്തിൽ മേൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ജീവനക്കാരില്ലാതായ സാഹചര്യം MSc Computer Science യോഗ്യതയുള്ള ശ്രീമതി. ആര്യാചന്ദ്രന്റെ സേവനം പ്രയോജനപ്പെടുത്തി പരിഹരിക്കുവാൻ കഴിയും എന്നതിനാൽ ടിയാളുടെ അന്യത്രസേവനം 16.02.2026

മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ എൽഡി ടൈപ്പിസ്റ്റായി അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന കാലിക്കറ്റ് സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-I ആയ ശ്രീമതി. ആര്യാചന്ദ്രൻ.എസ്-ന്റെ അന്യത്രസേവന കാലാവധി, അന്യത്ര സേവനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 16.02.2026 മുതൽ ഒരു വർഷത്തേക്ക്കൂടി (നാലാം തവണ) ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി പി ഒ, PIN 673635
ശ്രീമതി. ആര്യാചന്ദ്രൻ.എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 18-02-2026 10:47:59
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്